(സി) റീറ്റ് ബെയ്സ്ഡ് ന്യൂട്രീഷൻ പദ്ധതി പ്രകാരം അരിയും ഗോതമ്പുമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. പ്രസ്തുത അരി അങ്കണവാടികളിലെ ഗുണഭോക്താക്കളായ മൂന്ന് മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. ഗോതമ്പ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗണുകളിൽനിന്നും കുടുംബശ്രീ മിഷൻ ഏറ്റെടുത്ത് അങ്കണവാടികളിലെ ഗുണഭോക്താക്കളായ 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുള്ള അമൃതം ന്യൂട്രീമിക്സ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

നിർഭയ പദ്ധതി

198 (5551) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ എത്ര തുക 2014-15 -ൽ വകയിരുത്തുകയുണ്ടായി ;

(ബി) കേന്ദ്ര വിഹിതമായി നിർഭയ പദ്ധതി നടത്തിപ്പിന് 2014-15-ൽ എത്ര തുക ലഭിക്കുകയുണ്ടായി ;

(സി) നിർഭയ പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ഡി) 2014-15-ൽ നിർഭയ പദ്ധതിയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കുന്നതിന് 2014-15-ൽ 2235-02-103-74 പ്ലാൻ ശീർഷകത്തിൽ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റായി 1,56,36,000 രൂപയും 4235-02-103-99 ശീർഷകത്തിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 9 കോടി രൂപയും വകയിരുത്തുകയുണ്ടായി.

(ബി) കേന്ദ്ര വിഹിതമായി 2014-15-ൽ നിർഭയ പദ്ധതി നടത്തിപ്പിന് തുക ലഭിച്ചിട്ടില്ല.

(സി) നിർഭയ പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു :

1. 9 ജില്ലകളിലായി 10 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. പീഡനത്തിനിരയായവർക്ക് ഒരു കടക്കീഴിൽനിന്നും കൗൺസിലിംഗ്, വൈദ്യ, നിയമ, പോലീസ് സംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 14 ജില്ലാ ആശുപത്രികളിലും 7 താലൂക്കാശുപത്രികളിലും പ്രവർത്തിച്ചിരുന്ന ഭ്രമിക സെന്ററുകളെ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലാക്കി മാറ്റുകയും 21 അഡീഷണൽ കൗൺസിലർമാരെ എൻആർഎച്ച്എം വഴി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

3. ജാഗ്രതാ സമിതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ കിവ വഴി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കരട് ബിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പഞ്ചായത്ത് അധികാരികൾ, ജാഗ്രതാ സമിതി അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ നിർഭയയിൽനിന്നും കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

4. നിർഭയ പദ്ധതിപ്രകാരം ഒരു ടോൾഫ്രീ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. (ടോൾ ഫ്രീ നമ്പർ 1800 425 1400) ടെലികൗൺസിലിംഗ് നടത്തുന്നതിനായി രണ്ട് കൗൺസിലർമാർ മുഴുവൻ സമയവും പ്രവർത്തിച്ചുവരുന്നു.

5. നിർഭയ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

6. സ്കൂൾ തലത്തിൽ നിർഭയ പദ്ധതിയുടെ ഭാഗമായിട്ടുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

7. പീഡനത്തിനിരയായവർക്ക് നിർഭയ പദ്ധതിയുടെ കീഴിൽ സാമ്പത്തിക സഹായം നൽകി വരുന്നു.

8. പോക്സോ ആക്ട് 2012, ക്രിമിനൽ ലാ അമെന്റ്മെന്റ് ആക്ട് 2013 എന്നിവയെ സംബന്ധിച്ച പ്രചാരണവും പരിശീലനപരിപാടികളും സംഘടിപ്പിച്ചു വരുന്നു.

(ഡി) 2014-15-ൽ 2235-02-103-74 പ്ലാൻ ശീർഷകത്തിൽ 1,36,91,237 രൂപയും 4235-02-103-99 ശീർഷകത്തിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 2,55,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly